**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 484** **25-03-2025 - ൽ മറുപടിയ്ക്ക്**

**ബാറുടമകളിൽനിന്ന് ലഭിക്കേണ്ട നികുതി കുടിശികയ്ക്ക് ആംനസ്റ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ബാറുടമകളിൽനിന്ന് ലഭിക്കേണ്ട നികുതി കുടിശികയ്ക്ക് ഇളവ് നൽകുന്നതിന് ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | 2025 ലെ കേരള ബഡ്ജറ്റ് പ്രസംഗത്തിന്റെ ഖണ്ഡിക 851 പ്രകാരം 2005-06 മുതൽ കോവിഡ് കാലഘട്ടം അടങ്ങുന്ന 2020-21 വർഷം വരെയുള്ള ബാർഹോട്ടലുകളിൽ നിന്ന് ലഭിക്കേണ്ട എല്ലാ കുടിശ്ശികകളും തീർപ്പാക്കാനായി മുൻകാലങ്ങളിലുള്ള ആംനസ്റ്റി പദ്ധതികളുടെ ഭാഗമായുള്ള ഇളവുകളുടെ തുടർച്ച എന്ന നിലയിൽ പൂർണമായ നികുതി കുടിശ്ശികയും പലിശയുടെ അൻപത് ശതമാനവും അടച്ചാൽ ബാക്കി പലിശയും പിഴയും ഒഴിവാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിലൂടെ ഖജനാവിൽ നികുതി ഇനത്തിൽ എത്തേണ്ട തുകയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതിയിൽ നികുതിയ്ക്ക് യാതൊരു ഇളവും നൽകിയിട്ടില്ല; പിഴയും പലിശയുടെ പകുതിയും മാത്രമാണ് ഇളവു നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി പൂർണമായി നികുതി ഒടുക്കേണ്ടതായി വരും. ആയതിനാൽ, ഖജനാവിൽ നികുതി ഇനത്തിൽ എത്തേണ്ട തുകയിൽ യാതൊരു കുറവും ഉണ്ടാകുന്നില്ല. 2025 സാമ്പത്തിക വർഷത്തിൽ ബാർ ഹോട്ടലുകൾക്ക പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം പൂർണമായ നികുതി കുടിശ്ശികയും പലിശയുടെ അൻപത് ശതമാനവും അടച്ചാൽ ബാക്കി പലിശയും പിഴയും ഒഴിവാക്കി നൽകുമെന്ന വ്യവസ്ഥകൾ ധനബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ധനബില്ല് പാസാകുമ്പോൾ മാത്രമാണ് ഇക്കാര്യത്തിൽ അന്തിമതീരുമാനം ഉണ്ടാകുന്നത്. |
| (സി) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഇത്തരം ഒരു നടപടി സ്വീകരിക്കാനുണ്ടായ കാരണം വിശദമാക്കുമോ? | (സി) | മുൻകാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട ആംനസ്റ്റി സ്കീമിന്റെ തുടർച്ചയായാണ് ഈ വർഷം ബാർ ഹോട്ടലുകൾക്ക് ആംനസ്റ്റി പ്രഖ്യാപിച്ചത്. 2019ൽ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി 2020 ലും 2021 ലും 2022 ലും തുടർന്നിരുന്നു. എന്നാൽ, കോവിഡും അനുബന്ധ പ്രശ്നങ്ങളും കാരണം പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്താൻ മിക്ക നികുതി ദായകർക്കും സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഈ വർഷം പദ്ധതി പ്രഖ്യാപിച്ചത്. കോടതി വ്യവഹാരമുള്ളതും പഴക്കമേറിയതുമായ കുടിശ്ശികകൾ തീർപ്പുകൽപ്പിക്കുന്നതിനടക്കമുള്ള അവസരം ഇതിലൂടെ ലഭ്യമാവുകയും, ദീർഘകാലമായി ഖജനാവിൽ എത്താതിരുന്ന തുകകൾ ഖജനാവിൽ എത്തുന്നതിന് ഇതിലൂടെ വഴിയൊരുങ്ങുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ